SUNDAY 12/01/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/01/2025

1. കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി - SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും, വിളവെടുപ്പാനന്തര, സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ, FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെൻ്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും, യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിക്കുന്നു. 2024-2025 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി 15/01/2025 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ, 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിലോ, smamkerala@gmail.com എന്ന ഇ മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. നാളികേരത്തിന്റെ വിളവെടുപ്പിനും, പരിചരണത്തിനുമായി നാളികേര വികസന ബോർഡ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം ഹലോ നാരിയൽ കോൾ സെൻററിലേയ്ക്ക് വിളിച്ച് കേര കർഷകർക്ക് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കാം. സേവനം ലഭ്യമാകുന്നതിനായി തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. ഇതുവരെ 985 ചങ്ങാതിമാരാണ് കോൾ സെൻററിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതാത് ജില്ലകളിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുന്നത്. വിളവെടുപ്പ്, തെങ്ങിൻറെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, കൃത്രിമ പരാഗണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിൻറെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാം.

3. കുട്ടനാട്ടിൽ പുഞ്ചകൃഷിയിറക്കിയ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗത്തിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ട്. ഇളംമഞ്ഞ നിറത്തിൽ നെല്ലോലയുടെ അരികുകളിൽ രൂപപ്പെട്ട് ഇലയുടെ അഗ്രഭാഗം മുതൽ താഴേക്ക് ഇരുവശങ്ങളിൽ കൂടിയോ ഞരമ്പ് വഴിയോ കരിഞ്ഞു പോകുന്നതാണ് രോഗലക്ഷണം. മിക്കപ്പോഴും കൃഷിയിടത്തിന്റെ അരിക് ചേർന്നായിരിക്കും രോഗലക്ഷണങ്ങൾ ആദ്യം പ്രത്യക്ഷപ്പെടുക. ഈ സമയത്ത് 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ചു കൊടുക്കുക. ആവശ്യമെങ്കിൽ രണ്ടാഴ്ചയ്ക്ക് ശേഷം ഒന്നു കൂടി ഇത് ആവർത്തിക്കുക. ബ്ലീച്ചിംഗ് പൗഡർ ഒരേക്കറിന് 2 കിലോ ഗ്രാം എന്ന തോതിൽ തുണിയിൽ ചെറു കിഴികളായി കെട്ടി വെള്ളം കയറുന്ന ഭാഗങ്ങളിൽ ഇട്ട് കൊടുക്കുന്നത് വെള്ളത്തിലൂടെയുള്ള രോഗവ്യാപനം തടയുന്നതിന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സഹായകമാണ്. ഇനി വിതയ്ക്കാനുള്ള പാടങ്ങളിൽ രോഗപ്രതിരോധത്തിനായി സ്യൂഡോമോണാസ് ഫ്ളൂറസെൻസ് ഉപയോഗിച്ച് വിത്ത് പരിചരണം നടത്താം. സ്യൂഡോമോണാസ് ഒരേക്കറിന് ഒരുകിലോ ഗ്രാം, 20 കിലോഗ്രാം വേപ്പിൻ പിണ്ണാക്കുമായി ചേർത്ത് വിതറി കൊടുക്കുന്നത് രോഗപ്രതിരോധത്തിന് സഹായിക്കും. സംയോജിത വളപ്രയോഗ മാർഗ്ഗങ്ങൾ അവലംബിക്കണം. നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗം കുറയ്ക്കണം. ഒപ്പം രോഗലക്ഷണങ്ങൾ കാണുന്ന പാടങ്ങളിൽ ഓരോ വളപ്രയോഗത്തിനൊപ്പവും ശുപാർശ ചെയ്തതിനേക്കാൾ 20% അധികം പൊട്ടാസ്യം നൽകുന്നത് രോഗപ്രതിരോധത്തിന് സഹായിക്കും. രോഗവ്യാപനം കൂടുതലാകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആന്റിബയോട്ടിക്ക്/ ആന്റിബാക്ടീരിയൽ / കോപ്പർ കലർന്ന പദാർത്ഥങ്ങൾ എന്നിവയിൽ ഏതെങ്കിലും ശുപാർശ ചെയ്യുന്ന അളവിൽ ഇലകളിൽ തളിച്ചു കൊടുക്കാം. കൂടുതലായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ സംസ്ഥാന കീടനിരീക്ഷണ കേന്ദ്രത്തിലെ ഫീൽഡ്തല ഉദ്യോഗസ്ഥരുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9633815621, 7034342115 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ഫാമിൽ ജലസേചനത്തിനായി 7.5 H.P മോട്ടോർ പമ്പും, അനുബന്ധസാധനങ്ങളുടെയും വില സംബന്ധിച്ച് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട് ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം, എന്ന മേൽ വിലാസത്തിൽ അയക്കേണ്ടതും ക്വട്ടേൻ കവറിനു പുറത്ത് 7.5 HP മോട്ടോർ പമ്പ് സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ് ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 20/01/2025 തിയതി രാവിലെ 11 മണിവരെയാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്വട്ടേഷൻ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ആഫീസിൽ നേരിട്ടോ 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

5. മലപ്പുറം ജില്ലയിലെ തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൻ്റെ SCSP പദ്ധതിയുടെ ഭാഗമായി പട്ടിക ജാതി )SC) കർഷകർക്ക്നിർമ്മാണവും ജൈവവളപ്രയോഗവും കമ്പോസ്റ്റ് "' എന്ന വിഷയത്തിൽ 2025 ജനുവരി 18 ന് ന്ഒരു ദിവസത്തെ സൗജന്യ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. മലപ്പുറം ജില്ലയിലെ തവനൂർ, കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് രാവിലെ 10 മണി മുതൽ 2.00 വരെയാണ് പരിശീലനം. പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ജനുവരി 16-നു 3 മണിക്ക് മുൻപായി 8547193685 എന്ന നമ്പറിൽ ഫോൺ ചെയ് രജിസ്റ്റർ ചെയ്യേണ്ടതാണ് . ക്ലാസിനു വരുമ്പോൾ ആധാർ കാർഡ്, ജാതി തെളിയിക്കുന്ന രേഖ എന്നിവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

6. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി മാസം 24, 25 തീയതികളിൽ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം